പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3997 — 19.03.2018-ൽ മറുപടിക്ക്

# കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ൽ നിലവിൽ വന്ന നെൽവയൽ - തണ്ണീർത്തട നിയമം അനുശാസിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പ വരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഈ സർക്കാർ നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | (ബി) | 2016-ലെ 19-ാം ആക്ട് പ്രകാരം കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് പ്രസ്തുത ആക്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 2017-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

ആസാധാരണം - II
3997


©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2016 നവംബർ 23<br>23rd November 2016<br>1192 വൃശ്ചികം 8<br>8th Vrischikam 1192<br>1938 അഗ്രഹായനം 2<br>2nd Agrahayana 1938 | നമ്പർ<br>No. | 2046 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 16671/ലെഗ്.ബി2/2016/നിയമം.

*തിരുവനന്തപുരം, 2016 നവംബർ 23*
*1192 വൃശ്ചികം 8*
*1938 അഗ്രഹായനം 2.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 നവംബർ 21-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*


സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/3848/2016/S-11.

**2016-ലെ 19-ാം ആക്റ്റ്**

## 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ആക്റ്റ്

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3എ വകുപ്പ് വിട്ടുകളയൽ.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

3. ഒഴിവാക്കൽ.—പ്രധാന ആക്റ്റിലെ 3എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്റ്റിൻകീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമ നടപടിയെയോ പരിഹാരത്തെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്.

# GOVERNMENT OF KERALA

## Law (Legislation-B) Department

NOTIFICATION

No. 16671/Leg.B2/2016/Law.

*Dated, Thiruvananthapuram,* *23rd November, 2016* / *8th Vrischikam, 1192* / *2nd Agrahayana, 1938.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the Kerala Conservation of Paddy Land and Wetland (Amendment) Act, 2016 (19 of 2016).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട്" published under the authority of the Governor.]

**ACT 19 OF 2016**

# THE KERALA CONSERVATION OF PADDY LAND AND WETLAND (AMENDMENT) ACT, 2016

*An Act further to amend the Kerala Conservation of Paddy Land and Wetland Act, 2008.*

*Preamble.*—WHEREAS, it is expedient further to amend the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) for the purposes hereinafter appearing;

BE it enacted in the Sixty-seventh Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Conservation of Paddy Land and Wetland (Amendment) Act, 2016.

(2) It shall come into force at once.

2. *Omission of section 3A.*—In the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008), (hereinafter referred to as the principal Act), section 3A shall be omitted.

3. *Saving.*—Notwithstanding the omission of section 3A of the principal Act, in the case of conversion or reclamation of land regularized finally by complying with the procedure under the principal Act, such regularization shall be valid and shall not affect any legal proceedings or remedy in respect of any such right, privilege, responsibility or liability acquired, accrued or incurred and any such legal proceedings or remedy may be instituted, continued or enforced as if this Act has not come into force.

Section Officer

അനുബന്ധം - I

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്

വിജ്ഞാപനം*

തിരുവനന്തപുരം, 2008 ആഗസ്റ്റ് 12. / 1930 ശ്രാവണം 21.

നമ്പർ 19661/ലെഗ്.എ1/2007/നിയമം.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2008 ആഗസ്റ്റ് 11-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ജി. കുമാരി ഗിരിജ,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

* 2008 ആഗസ്റ്റ് 11-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2008 ആഗസ്റ്റ് 12-ാം തീയതിയിലെ 1790-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

GCPT. 3.5014/2013/DTP

**2008-ലെ 28-ാം ആക്റ്റ്**

# 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ്

കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനും

ഉള്ള

ഒരു

ആക്റ്റ്

പീഠിക.— സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ;

നെൽവയലുകൾ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള യാതൊരു നിയമങ്ങളും നിലവിൽ ഇല്ലാത്തതിനാലും;

സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി, നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത്, പൊതുതാൽപ്പര്യാർത്ഥം, യുക്തമായിരിക്കുമെന്ന് സർക്കാരിന് ബോധ്യം വന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന്, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(i) "കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നതും അതിൽ കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;

(ii) "സമിതി" എന്നാൽ 5-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണസമിതി എന്നർത്ഥമാകുന്നു;

(iii) "പരിവർത്തനപ്പെടുത്തൽ" എന്നാൽ നെൽകൃഷി ചെയ്തുകൊണ്ടിരുന്ന ഒരു സ്ഥലം അതിന്റെ അനുബന്ധ നിർമ്മിതികളായ ജലനിർഗ്ഗമന ചാലുകളും, കുളങ്ങളും, കൈത്തോടുകളും, ചിറകളും വരമ്പുകളും, മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്ന അവസ്ഥ എന്നർത്ഥമാകുന്നു ;

(iv) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു;

(v) "ജില്ലാതല അധികൃത സമിതി" എന്നാൽ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന ജില്ലാതല അധികൃത സമിതി എന്നർത്ഥമാകുന്നു;

(vi) "ജല നിർഗ്ഗമന ചാല്" എന്നാൽ നെൽവയലിലേക്കും അതിൽ നിന്ന് പുറത്തേക്കും ജലം ഒഴുക്കിവിടുന്നതിനുള്ള ചാല് എന്നർത്ഥമാകുന്നു;

(vii) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(viii) "നെൽവയലിന്റെ അനുഭവക്കാരൻ" എന്നാൽ ഉടമസ്ഥനായോ നിയമാനുസൃത അവകാശിയായോ നെൽവയൽ കൈവശം വച്ചിരിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(ix) "ഇടക്കാലവിള" എന്നാൽ നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവം അനുസരിച്ച്, രണ്ട് നെൽകൃഷിക്കിടയിലുള്ള കാലയളവിൽ, പരിവർത്തനാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, വാഴ, മത്സ്യം എന്നിവ പോലെയുള്ള, ഹ്രസ്വകാലവിള എന്നർത്ഥമാകുന്നു;

(x) "കുടുംബശ്രീ യൂണിറ്റുകൾ" എന്നാൽ സർക്കാരിന്റെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ എന്നർത്ഥമാകുന്നതും അതിൽ സ്വയംസഹായ സംഘങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(xi) "തദ്ദേശ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിർവ്വചിച്ച പ്രകാരമുള്ള ഒരു പഞ്ചായത്ത് എന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിർവ്വചിച്ച പ്രകാരമുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാകുന്നു;

(xii) "നെൽവയൽ" എന്നാൽ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നതും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽ കൃഷിക്കനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്നതോ ആയ എല്ലാത്തരം നിലവും എന്നർത്ഥമാകുന്നതും അതിൽ അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും ജലനിർഗ്ഗമന ചാലുകളും കുളങ്ങളും കൈത്തോടുകളും ഉൾപ്പെടുന്നതുമാകുന്നു;

(xiii) "പാടശേഖര സമിതി" എന്നാൽ നെല്ലിന്റെയും അനുബന്ധ വിളകളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കർഷക സംഘടന എന്നർത്ഥമാകുന്നു;

(xiv) "പൊതു ആവശ്യം" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തികസഹായം നൽകുന്നതോ ആയ പദ്ധതികളുടേയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളുടേയും ആവശ്യം എന്നർത്ഥമാകുന്നു;

(xv) "രൂപാന്തരപ്പെടുത്തൽ" എന്നാൽ ഈ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള നെൽവയലോ തണ്ണീർത്തടമോ ഏതെങ്കിലും പ്രവർത്തിയോ തുടർപ്രവർത്തികളോമൂലം, സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കാൻ സാദ്ധ്യമല്ലാത്തതുമായവിധത്തിൽ രൂപാന്തരപ്പെടുത്തുക എന്നർത്ഥമാകുന്നു;

(xvi) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(xvii) "സംസ്ഥാനതല സമിതി" എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല സമിതി എന്നർത്ഥമാകുന്നു;

(xviii) "തണ്ണീർത്തടം" എന്നാൽ മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും, ജലനിരപ്പ് സാധാരണഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴംകുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യംകൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റുപ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പ് നിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതും, നെൽവയലുകളും നദികളും ഉൾപ്പെടാത്തതുമാകുന്നു;

(xix) "വർഷം" എന്നാൽ ഒരു മലയാളവർഷം എന്നർത്ഥമാകുന്നു.

3. <u>നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്ക്.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്ന് മുതൽക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ, പ്രസ്തുത നെൽവയലിന്റെ പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റംവരുത്താതെ കൃഷി ചെയ്യുന്ന ഏതെങ്കിലും ഇടക്കാല വിളയുടെ കൃഷിക്കോ കൃഷി സംരക്ഷിക്കുന്നതിനായി പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിനോ ബാധകമാകുന്നതല്ല.

4. <u>നെൽക്കൃഷിക്ക് പ്രോത്സാഹനം നൽകൽ.</u>—സംസ്ഥാനത്തെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനുവേണ്ടി, സർക്കാർ, കാലാകാലങ്ങളിൽ, ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. <u>പ്രാദേശികതല നിരീക്ഷണ സമിതിയുടെ രൂപീകരണം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി, ഓരോ ഗ്രാമ പഞ്ചായത്തിലും അഥവാ മുനിസിപ്പാലിറ്റിയിലും, (2)-ാം ഉപവകുപ്പിൽ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രാദേശികതല നിരീക്ഷണ സമിതി ഉണ്ടായിരിക്കുന്നതാണ്.

(2) സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്:—

(i) അതത് സംഗതിപോലെ, ഗ്രാമപഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ, അഥവാ ,കോർപ്പറേഷന്റെ പ്രസിഡന്റ് അഥവാ ചെയർപേഴ്സൺ/മേയർ—ചെയർമാൻ;

(ii) ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കൃഷി ആഫീസർ/ആഫീസർമാർ—അംഗം/അംഗങ്ങൾ;

(iii) പ്രസ്തുത പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ആഫീസർ/ആഫീസർമാർ—അംഗം/അംഗങ്ങൾ;

(iv) പഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശത്തെ നെൽക്കൃഷിക്കാരുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് പ്രതിനിധികൾ ;

കൃഷി ആഫീസർ പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(3) സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊതു ആവശ്യങ്ങൾക്കോ, നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനോ വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്, അതത് സംഗതിപോലെ, സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃത സമിതിക്കോ ശുപാർശ നൽകുക:

എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി, അതത് സംഗതി പോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല;

(ii) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി, സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ സന്ദർശിക്കുകയും ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം, ഏതെങ്കിലും ഉണ്ടെങ്കിൽ, റവന്യൂ ഡിവിഷണൽ ആഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക;

(iii) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും അപ്രകാരമുള്ള ലംഘനം തടയുന്നതിനായി ആ പ്രശ്നത്തിൽ ഇടപെടുകയും ചെയ്യുക;

(iv) നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്ന രീതിയിൽ ഉചിതമായ പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

(4) സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെടുത്തിയിട്ടുള്ള ഡേറ്റാ ബാങ്ക് അതത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതുജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആഫീസിലും, വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക;

(ii) (3)-ാം ഉപവകുപ്പ് (iv)-ാം ഇനം അനുസരിച്ച് സമിതി നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം നടപടി ഉണ്ടാകാതെ ഏതെങ്കിലും വയൽ തരിശിട്ടിരിക്കുന്നുവെങ്കിൽ 16-ാം വകുപ്പ് പ്രകാരം പകരം സംവിധാനം ഏർപ്പെടുത്തുക;

(iii) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ/തണ്ണീർതടങ്ങൾ സംരക്ഷിക്കുന്നതിലേക്ക്, വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക;

(iv) സമിതിക്ക് അധികാരിതയുള്ള പ്രദേശത്ത്, ഈ ആക്റ്റ് നിലവിൽവന്ന തീയതിക്കുമുൻപ്, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രൂപാന്തരപ്പെടുത്തിയിട്ടുള്ള നെൽവയലുകളെ സംബന്ധിച്ച് വിവരങ്ങൾ സമാഹരിച്ച് റവന്യൂ ഡിവിഷണൽ ആഫീസർക്ക് റിപ്പോർട്ട് നൽകുക;

(v) കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

(5) സമിതിയുടെ യോഗത്തിനുള്ള ക്വാറം മൂന്ന് ആയിരിക്കുന്നതും അത് ആവശ്യമുള്ളപ്പോഴൊക്കെ യോഗം ചേരേണ്ടതും യോഗത്തിനുള്ള സ്ഥലം അതത് സ്ഥലത്തെ പഞ്ചായത്ത് ഓഫീസ് ആയിരിക്കേണ്ടതും സമയം ചെയർമാൻ തീരുമാനിക്കേണ്ടതുമാണ്.

(6) സമിതി യോഗത്തിനുള്ള നടപടിക്രമം അതിന് തന്നെ തീരുമാനിക്കാവുന്നതും പങ്കെടുക്കുന്ന ഓരോ ആളും ഒപ്പിട്ട ശരിയായ മിനിട്ട്സ് അതത് കൃഷി ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.

6. പ്രാദേശികതല നിരീക്ഷണ സമിതിയുടെ കാലാവധിയും ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും.—(1) പ്രാദേശികതല നിരീക്ഷണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അതിന്റെ രൂപീകരണത്തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്. എന്നാൽ ഒരു സമിതിയുടെ കാലാവധി അവസാനിച്ചശേഷം അടുത്ത സമിതി രൂപീകരിക്കുന്നതുവരെ അതിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

(2) ഒരു അനൗദ്യോഗിക അംഗത്തിന് എപ്പോൾ വേണമെങ്കിലും സ്വന്തം കയ്യക്ഷരത്തിൽ രേഖാമൂലം എഴുതിക്കൊടുത്തുകൊണ്ട് സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

7. റിപ്പോർട്ടിംഗ് ഓഫീസർമാർ.—(1) തങ്ങളുടെ അധികാരിതയ്ക്കുള്ളിൽപ്പെട്ട പ്രദേശത്തെ നെൽവയലിനെ സംബന്ധിച്ച് കൃഷി ആഫീസർമാർ, റിപ്പോർട്ടിംഗ് ആഫീസർമാർ ആയിരിക്കുന്നതും, ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ആഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്വം ആയിരിക്കുന്നതുമാണ്. ഏതെങ്കിലും കാർഷിക വേളയിൽ ഏതെങ്കിലും നെൽവയൽ തരിശിട്ടിരിക്കുന്നുവെങ്കിൽ ആ വിവരംകൂടി കൃഷി ആഫീസർ സമിതിയെ അറിയിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിൽ മനഃപൂർവ്വമായി വരുത്തുന്ന വീഴ്ച 23-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റമായി കണക്കാക്കപ്പെടുന്നതാണ്.

8. <u>സംസ്ഥാനതല സമിതിയുടെ രൂപീകരണം</u>.—(1) സർക്കാർ, പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന്, സമിതി ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ വിശദ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുന്നതിലേക്കായി, ഒരു സംസ്ഥാനതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) കാർഷികോൽപ്പാദന കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ദ്ധൻ, നെൽക്കൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ ആയിരിക്കുന്നതും, കാർഷികോൽപ്പാദന കമ്മീഷണർ അതിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.

(3) പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും, സംസ്ഥാനതല സമിതി പരിശോധിച്ച്, ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി, സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

9. <u>ജില്ലാതല അധികൃത സമിതിയുടെ രൂപീകരണം</u>.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും വേണ്ടി കളക്ടർ ഓരോ ജില്ലയിലും, ജില്ലാതല അധികൃത സമിതി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, വീട് വയ്ക്കുന്നതിന്, അതത് സംഗതിപോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള യാതൊരു തീരുമാനവും ജില്ലാതല അധികൃത സമിതി എടുക്കുവാൻ പാടുള്ളതല്ല.

(2) ജില്ലാതല അധികൃത സമിതി റവന്യൂ ഡിവിഷണൽ ആഫീസർ, പ്രിൻസിപ്പൽ കൃഷി ആഫീസർ, കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ എന്നിവർ അടങ്ങിയതായിരിക്കുന്നതും റവന്യൂ ഡിവിഷണൽ ആഫീസർ അതിന്റെ അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ആഫീസർ കൺവീനറും ആയിരിക്കുന്നതുമാണ്:

എന്നാൽ, ഏതെങ്കിലും ജില്ലയിൽ ഒന്നിൽ കൂടുതൽ റവന്യൂ ഡിവിഷണൽ ആഫീസർമാരുള്ളപക്ഷം അവരിൽ ഒരാളെ ജില്ലാതല അധികൃത സമിതിയിലേക്ക് കളക്ടർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്. എന്നാൽ, കാലാവധി തീർന്നശേഷവും അടുത്തുവരേണ്ട അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ അവർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

(4) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സ്വന്തം കൈപ്പടയിലെഴുതിയ കത്ത് ജില്ലാ കളക്ടർക്ക് നൽകിക്കൊണ്ട് എപ്പോൾ വേണമെങ്കിലും സമിതിയിൽ നിന്ന് രാജി വയ്ക്കാവുന്നതാണ്.

(5) ജില്ലാതല അധികൃത സമിതി, ലഭ്യമാകുന്ന ശുപാർശകളിൻമേൽ, ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതാണ്.

(6) ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പത് ദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്.

(7) അപ്പീൽ ലഭിച്ച് ഒരു മാസത്തിനകം കളക്ടർ അതിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടതും കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(8) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാദേശികതല നിരീക്ഷണസമിതി,—

(i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലാ എന്നും ;

(ii) നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ല എന്നും;

(iii) കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും;

(iv) പ്രസ്തുത നെൽവയൽ, മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ല എന്നും;

ശുപാർശ ചെയ്താൽ അല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളതല്ല.

10. <u>ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.</u>—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്.

(2) പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്ന് കിടക്കുന്ന നെൽവയലിലെ നെൽക്കൃഷിയേയോ ആ പ്രദേശത്തെ പരിസ്ഥിതിവ്യവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ല എന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

11. തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള വിലക്ക്.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തുസൂക്ഷിക്കേണ്ടതും അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഈ വകുപ്പിൽ പറയുന്ന യാതൊന്നും തന്നെ പ്രസ്തുത തണ്ണീർത്തടത്തിന്റെ പരിസ്ഥിതിഘടന നിലനിർത്തുന്നതിനുവേണ്ടി എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ബാധകമാകുന്നതല്ല.

12. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നിയമനവും അവരുടെ അധികാരങ്ങളും.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി നിയമിക്കാവുന്നതും ഈ ആക്റ്റ് പ്രകാരം അവരുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്ന പ്രദേശം നിശ്ചയിച്ച് നൽകേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുന്നതിനോ വേണ്ടി,—

(എ) ഈ ആക്റ്റ് പ്രകാരം ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റത്തിൻമേൽ പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമെന്ന് അദ്ദേഹം കരുതുന്ന പ്രകാരമുള്ള സന്നാഹത്തോടെ, അതുമായി ബന്ധപ്പെട്ട ഏത് പരിസരത്തും അല്ലെങ്കിൽ ഏത് സ്ഥലത്തും പ്രവേശിക്കാവുന്നതും;

(ബി) ഈ ആക്റ്റിലെ 3-ാം വകുപ്പിനോ 11-ാം വകുപ്പിനോ വിരുദ്ധമായ ഏതൊരു പ്രവർത്തനവും നിർത്തിവയ്ക്കാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും;

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ അല്ലെങ്കിൽ വാഹനമോ, മറ്റു വാഹന സൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി, കളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതും;

(ഡി) അദ്ദേഹം ആവശ്യമാണെന്ന് കരുതുന്ന പ്രകാരമുള്ള വിവരം നൽകാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും;

(ഇ) ഫോട്ടോഗ്രാഫുകൾ എടുക്കുകയോ വസ്തുവിവരപ്പട്ടിക തയ്യാറാക്കുകയോ, കുറ്റം ചെയ്തു എന്നത് സംബന്ധിച്ച തെളിവ് ശേഖരണാർത്ഥം, ആവശ്യമായ മറ്റു കാര്യങ്ങളോ ചെയ്യാവുന്നതും പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി അധികാരിതയുള്ള കോടതിക്ക് ഒരു റിപ്പോർട്ട് നൽകേണ്ടതുമാണ്.

(3) ഈ വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഏതൊരു വ്യക്തിയോടും ഏതെങ്കിലും രേഖയോ, സാധനമോ, ഏതെങ്കിലും വിവരമോ ആവശ്യപ്പെട്ടാൽ അത്തരം ആൾ, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 175-ഉം 176-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്ക് ഉള്ളിൽ അങ്ങനെ ചെയ്യാൻ നിയമപരമായി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനും ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റ് ആയി കണക്കാക്കപ്പെടുന്നതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, ഈ ആക്റ്റിലെ ലംഘനം സംബന്ധിച്ച് 7-ാം വകുപ്പ് പ്രകാരം റിപ്പോർട്ടിംഗ് ആഫീസർ നൽകുന്ന റിപ്പോർട്ടിന്മേൽ മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയാൽ അയാൾ 23-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.

13. <u>ജില്ലാ കളക്ടറുടെ അധികാരം.</u>—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, ഈ ആക്റ്റ് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിക്ക് ഭംഗം വരാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ അവസ്ഥയിൽ കൊണ്ട് വരുന്നതിലേക്കായി, അദ്ദേഹത്തിന് ഉചിതമെന്ന തോന്നുന്ന പ്രകാരമുള്ള നടപടി കൈക്കൊള്ളാവുന്നതും, ഇതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക, അതത് സംഗതിപോലെ, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം, ഈടാക്കാവുന്നതുമാണ്.

14. <u>തദ്ദേശ സ്ഥാപനം ലൈസൻസ് നിഷേധിക്കണമെന്ന്.</u>—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശസ്ഥാപനവും നൽകുവാൻ പാടുള്ളതല്ല.

15. <u>തരിശ് നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശം.</u>—സമിതിക്ക്, കൃഷിയിറക്കാതെ തരിശിട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾമുഖേനയോ, നെല്ലോ, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ, കൃഷിചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്.

16. <u>തരിശ് നെൽവയൽ കൃഷി ചെയ്യിക്കൽ.</u>—(1) 15-ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശം നടപ്പാക്കാൻ നെൽവയലിന്റെ അനുഭവക്കാരന് കഴിയാത്തത്, പ്രായോഗിക ബുദ്ധിമുട്ടുകൾകൊണ്ടാണെന്ന്, അയാൾ നൽകിയ മറുപടിയിൽ നിന്നും സമിതിക്ക് ബോദ്ധ്യമാകുന്നപക്ഷം, സമിതിക്ക് അയാളോട് പ്രസ്തുത നെൽവയൽ പഞ്ചായത്ത് മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള അനുമതി രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമിതിയുടെ കത്ത് ലഭിച്ചാൽ, മറുപടിയായി, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകിക്കൊണ്ടോ അത് നിഷേധിച്ചുകൊണ്ടോ കഴിയുന്നത്രവേഗം രേഖാമൂലം മറുപടി നൽകേണ്ടതാണ്.

(3) നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകുന്നപക്ഷം, സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരമുള്ള ഫാറത്തിൽ പഞ്ചായത്തും നെൽവയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിടുവിച്ചശേഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യിപ്പിക്കുന്നതിനോവേണ്ടി ഒരു നിശ്ചിത കാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ല എങ്കിൽ അതിന്, (3)-ാം ഉപവകുപ്പിൻകീഴിൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തവിധം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, പരമാവധി രണ്ട് വർഷക്കാലയളവിലേക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ താഴെ പറയുന്ന പ്രകാരം മുൻഗണനാക്രമം പാലിക്കേണ്ടതാണ്, അതായത്:—

(i) പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്;

(ii) സ്വയം സഹായ സംഘങ്ങൾക്ക്;

(iii) നെൽവയൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്.

(6) (4)-ഉം (5)-ഉം ഉപവകുപ്പുകൾപ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യാൻ അവകാശം ലഭിക്കുന്ന ആൾ പ്രസ്തുത നെൽവയൽ തിരിച്ച് ഏല്പിക്കുമ്പോൾ, കൃഷിയോഗ്യമല്ലാത്ത രീതിയിൽ അതിന്റെ ഘടനയിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതും അത് പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

(7) (4)-ാം ഉപവകുപ്പ് പ്രകാരം, നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം സിദ്ധിച്ച ആൾ, പ്രസ്തുത നെൽവയലിന് കരാർ പ്രകാരമുള്ള പ്രതിഫലം നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും, ആ തുക കൃഷി ചെയ്യുന്നതിനുവേണ്ടി വന്ന ചെലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.

(8) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പുപ്രകാരമുള്ള നോട്ടീസ് ലഭിക്കാതെ തന്നെ, നെൽവയലിന്റെ ഒരു ഉടമസ്ഥന്, തന്റെ നെൽവയൽ സ്വന്തമായി കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ആഗ്രഹിക്കുന്നപക്ഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്തിനെ ഏൽപ്പിച്ചു കൊടുക്കാൻ സമിതിയോട് ആവശ്യപ്പെടാവുന്നതാണ്.

3997



17. ചില സംഗതികളിൽ അവകാശം ഏൽപ്പിച്ചുകൊടുത്ത ആളിനെ ഒഴിപ്പിക്കൽ.—ഒരു നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ച് കൊടുത്ത ആളിനെ, അതിൽ നെൽകൃഷിയോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള മറ്റ് വിളകളോ കൃഷി ചെയ്യുന്നതിനും അതിന്റെ വിളവെടുക്കുന്നതിനും ഉള്ള അവകാശം ഒഴികെ, മറ്റ് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, അതത് സംഗതിപോലെ അപ്രകാരമുള്ള അവകാശം ആർജ്ജിച്ച കാലയളവ് തീർന്നതിനുശേഷമോ അല്ലെങ്കിൽ പ്രസ്തുത അവകാശം അവസാനിപ്പിച്ച ശേഷമോ അയാൾ പ്രസ്തുത നെൽവയൽ കൈവശം വയ്ക്കുന്നത് തുടരുന്നപക്ഷം, അപ്രകാരം കാലാവധി തീരുമ്പോഴോ അല്ലെങ്കിൽ അവസാനിപ്പിക്കുമ്പോഴോ സത്വരമായി ഒഴിപ്പിക്കപ്പെടേണ്ടതുമാണ്.

18. കളക്ടറുടെ പ്രത്യേക അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവ് നടപ്പിലാക്കുന്നതിന് വേണ്ടി, കളക്ടർക്ക്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ന്യായമെന്ന് തോന്നുന്ന നടപടികൾ എടുക്കുകയോ എടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

19. പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഉള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ, വാഹനമോ, മറ്റ് വാഹന സൗകര്യമോ, യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട്, അപ്രകാരം പിടിച്ചെടുത്ത് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചാലും ഇല്ലെങ്കിലും, ആ പ്രദേശത്ത് അധികാരിതയുള്ള കളക്ടർക്ക് നൽകേണ്ടതുമാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള പരിശോധന നടത്തലിനും പിടിച്ചെടുക്കലിനും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), പരിശോധന നടത്തലും പിടിച്ചെടുക്കലും സംബന്ധിച്ച വ്യവസ്ഥകൾ, കഴിയാവുന്നിടത്തോളം, ബാധകമാകുന്നതാണ്.

20. യാനങ്ങൾ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 12-ാം വകുപ്പു പ്രകാരമോ 19-ാം വകുപ്പുപ്രകാരമോ ഉള്ള പിടിച്ചെടുക്കൽ സംബന്ധിച്ച ഒരു റിപ്പോർട്ട് കളക്ടർക്ക് ലഭിച്ചാൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്നപക്ഷം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാൻ ഉത്തരവിടാവുന്നതാണ്:

എന്നാൽ അത് കണ്ടുകെട്ടുന്നതിനുപകരം, അപ്രകാരം പിടിച്ചെടുത്ത സാമഗ്രികളുടെ, ജില്ലാകളക്ടർ നിശ്ചയിക്കുന്നപ്രകാരമുള്ള വിലയുടെ ഒന്നരമടങ്ങിന് തുല്യമായ തുക കെട്ടിവയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതിന്റെ ഉടമസ്ഥനോ അഥവാ സൂക്ഷിപ്പുകാരനോ നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിക്കൊണ്ടുള്ള യാതൊരു ഉത്തരവും, ജില്ലാകളക്ടർ, അതിന്റെ ഉടമസ്ഥന് പറയാനുള്ളത് പറയാനുള്ള ഒരവസരം നൽകിയിട്ടല്ലാതെ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവും, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് നൽകിയതിൽ ഏതെങ്കിലും അപാകതയോ പിഴവോ സംഭവിച്ചു എന്ന കാരണത്താൽ മാത്രം, അതിലെ വ്യവസ്ഥകൾ തത്വത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

21. കണ്ടുകെട്ടലിനെതിരെയുള്ള അപ്പീൽ.—20-ാം വകുപ്പുപ്രകാരം കണ്ടുകെട്ടിക്കൊണ്ടുള്ള ഒരു ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത ഉത്തരവ് സംബന്ധിച്ച് അയാൾക്ക് അറിയിപ്പ് നൽകിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം, സാമഗ്രികൾ പിടിച്ചെടുത്ത പ്രദേശത്ത് അധികാരിതയുള്ള ജില്ലാ കോടതി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, ജില്ലാജഡ്ജി, കക്ഷികൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷം, അപ്പീലിന് വിധേയമായ ഉത്തരവ് സ്വീകരിച്ചുകൊണ്ടോ, ഭേദഗതി ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

22. കണ്ടുകെട്ടൽ നടപടി മറ്റ് ശിക്ഷകളെ ബാധിക്കില്ല എന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥ പ്രകാരം കണ്ടുകെട്ടിക്കൊണ്ട് കളക്ടർ എടുത്ത നടപടി, അത് ബാധകമായ ആൾക്ക് ഈ ആക്റ്റിന് വിധേയമായി ശിക്ഷ നൽകുന്നതിന് ബാധിക്കുന്നതല്ല.

23. ശിക്ഷ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും നെൽവയലോ അല്ലെങ്കിൽ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ട് വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

24. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തി ഒരു കമ്പനിയാണെങ്കിൽ, ആ ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും, കമ്പനിയുടെ ബിസിനസ് നടത്തുന്നതിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ വ്യക്തിയും, ആ കമ്പനിയും ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടുന്നതും, അതനുസരിച്ച് നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്:

എന്നാൽ, ലംഘനം നടന്നത് ഒരു ആളുടെ അറിവോടെയല്ല എന്നും, അല്ലെങ്കിൽ അയാൾ പ്രസ്തുത ലംഘനം തടയാൻ വേണ്ടത്ര ജാഗ്രത പുലർത്തിയിരുന്നു എന്നും തെളിയിക്കുകയാണെങ്കിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ അങ്ങനെയുള്ള ആളെ യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ ഒരു കമ്പനി ഒരു കുറ്റം ചെയ്തിരിക്കുകയും, കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ കമ്പനിയിലെ മറ്റ് ഉദ്യോഗസ്ഥന്റെയോ ഭാഗത്ത് ഏതെങ്കിലും ഉപേക്ഷ ആരോപിക്കപ്പെടാവുന്നതായ സമ്മതത്തോടോ മൗനാനുവാദത്തോടോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളത് എന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത് പ്രസ്തുത ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോകൂടി ആ കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് നടപടിക്ക് വിധേയനാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം: ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) 'കമ്പനി' എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ബി) ഒരു ഫേമിനെ സംബന്ധിച്ച ഡയറക്ടർ എന്നാൽ ആ ഫേമിന്റെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ യാതൊരു കുറ്റവും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ പദവിയിൽ താഴെയുള്ള യാതൊരു കോടതിയും അപ്രകാരമുള്ള കുറ്റത്തിന് ഹേതുവായ വസ്തുതകൾ സംബന്ധിച്ച്, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഒരു ആഫീസറുടെ രേഖാമൂലമുള്ള റിപ്പോർട്ടിൻമേലല്ലാതെയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

26. സിവിൽ കോടതികൾ നിരോധന ഉത്തരവ് മുതലായവ നൽകുന്നത്.—ഈ ആക്റ്റോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ, വിജ്ഞാപനങ്ങളോ പ്രകാരം സർക്കാരോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഒരു പ്രവൃത്തിയെ സംബന്ധിച്ച്, സർക്കാരിനോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി, അതത് സംഗതിപോലെ, ഒരു നിരോധന ഉത്തരവോ അല്ലെങ്കിൽ മറ്റേതെങ്കിലും പരിഹാരത്തിനുള്ള ഉത്തരവോ, അപ്രകാരമുള്ള നിരോധന ഉത്തരവോ മറ്റ് പരിഹാരമോ സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം, യാതൊരു സിവിൽ കോടതിയും നൽകുവാൻ പാടുള്ളതല്ല.

27. സർക്കാരിന് കിട്ടേണ്ടതായ തുകകൾ ഭൂമിയിൽനിന്നുള്ള കര കുടിശ്ശിക പോലെ വസൂലാക്കാവുന്നതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് കിട്ടേണ്ടതായ ഏതു തുകയും ഭൂമിയിന്മേലുള്ള നികുതി കുടിശ്ശികയായി കണക്കാക്കേണ്ടതും മറ്റേതെങ്കിലും മാർഗ്ഗത്തിലുള്ള വസൂലാക്കലിന് ഭംഗംവരാതെ കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന നികുതി കുടിശ്ശിക വസൂലാക്കൽ ആക്റ്റിൻ കീഴിൽ തിരിച്ചുപിടിക്കേണ്ടതുമാണ്.

28. റിവിഷൻ.—സർക്കാരിന് സ്വമേധയായോ സങ്കടമനുഭവിക്കുന്ന ആളിന്റെ അപേക്ഷയിന്മേലോ ഈ ആക്റ്റ് പ്രകാരം ഏതൊരു സംഗതിയിന്മേലുമുള്ള കളക്ടറുടെ ഏതൊരു പ്രവർത്തിയുടെയോ നടപടിയുടെയോ രേഖകൾ ആവശ്യപ്പെടാവുന്നതും അതിന് ഉചിതമെന്നുതോന്നുന്ന അപ്രകാരമുള്ള, ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

29. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾപ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യത്തെ സംബന്ധിച്ച് ഏതൊരാൾക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും മുഖേന എന്തെങ്കിലും നഷ്ടം ഉണ്ടാകുകയോ ഉണ്ടാകാൻ ഇടയാകുകയോ ചെയ്താൽ സർക്കാരിനെതിരെ യാതൊരു വ്യവഹാരമോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

30. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന, ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ആക്റ്റ് പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.